ഉത്തരം

(എ) ഈ വർഷം നവംബർ 30 വരെ 219 ചാസിസുകൾ വാങ്ങിയിട്ടുണ്ട്.

(ബി) ലഭ്യതയനുസരിച്ച് പുതിയ ബസ്സുകൾ അനുവദിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതി

84 (1139) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ഡോ: കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് പുതിയ ബസുകൾ വാങ്ങുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് ;

(സി) കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സബ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയങ്ങൾ പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇപ്പോൾ ജീവനക്കാർക്ക് നൽകി വരുന്ന കളക്ഷൻ ബാറ്റ പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ഇ) കെ.എസ്.ആർ.ടി.സി. പുതുതായി ആവിഷ്ക്കരിച്ചിരിക്കുന്ന ഓപ്പറേഷൻ തണ്ടർ ബോൾട്ട് , ബസ്-ക്രൂ-ഗാരേജ് പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭിച്ചു കഴിഞ്ഞു. കണ്ണൂർ, തൃശ്ശൂർ, കാസർഗോഡ്, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലാ സഹകരണ ബാങ്കുകൾ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് അനുവദിച്ച രീതിയിൽ വായ്പ അനുവദിക്കുവാൻ സന്നദ്ധത സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സൗകര്യമുള്ള ബസ് സ്റ്റേഷനുകളിൽ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കാസർഗോഡ്, പേരൂർക്കട, അങ്കമാലി എന്നീ യൂണിറ്റുകളിൽ ഇതിനാവശ്യമായ പ്രാരംഭ നടപടികൾ പ്രകടിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിഷ്ക്കരിച്ചിട്ടുണ്ട്.

1. സിറ്റി സർവ്വീസുകളിൽ ആകെ കിട്ടിയ തുകയുടെ 1.3 ശതമാനവും ഓർഡിനറി സർവീസുകളിൽ 1.2 ശതമാനവും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്.

2. സിറ്റി ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് തുടങ്ങിയ സർവീസുകളിൽ ആകെയുള്ള തുകയുടെ 0.05 ശതമാനവും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. ഇൻസെന്റീവ് തുക കണ്ടക്ടറും ഡ്രൈവറും തുല്യമായി വീതിച്ചെടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കി. മീ. അലവൻസോ ഇൻസെന്റീവോ മെച്ചമുള്ളത് തെരഞ്ഞെടുക്കുവാൻ ജീവനക്കാരന് അവകാശമുണ്ട്.

(ഇ) ബസ്-ക്രൂ-ഗാരേജ്

രണ്ടു കണ്ടക്ടറേയും രണ്ടു ഡ്രൈവറെയും ഒരു മെക്കാനിക്കൽ ജീവനക്കാരനേയും ഒരു ബസിനു സ്ഥിരമായി അനുവദിച്ചുകൊണ്ട് സർവീസ് കാര്യക്ഷമമാക്കുവാൻ തീരുമാനിച്ചു. ഇത് സർവീസ് മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് സർവ്വീസുമായി കൂടുതൽ ആത്മബന്ധം സ്ഥാപിക്കുന്നതിനും സഹായകരമാകും.

ഓപ്പറേഷൻ തണ്ടർ ബോൾട്ട്

1. കെ.എസ്.ആർ.ടി.സി.യുടെ മൊത്തം ചെലവിൽ പകുതിയോളം ജീവനക്കാരുടെ ശമ്പളമിനത്തിലും കാൽഭാഗത്തോളം ഡീസലിനുവേണ്ടിയുമാണ് വിനിയോഗിക്കുന്നത്. ഈ ചെലവ് കൂടുതൽ ഫലപ്രദമാക്കിയും ഫ്യൂവൽ എഫിഷ്യൻസി കൂട്ടി അതിനുള്ള ചെലവ് കുറയ്ക്കുന്നതിനോടുമൊപ്പം തന്നെ സർവ്വീസുകളുടെ കാര്യക്ഷമതയും ഗുണവും "പ്രോഫിറ്റബിലിറ്റിയും മെച്ചപ്പെടുത്താൻ ബസ് ക്രൂ ഗാരേജ് നടപ്പിലാക്കുവാൻ തീരുമാനിച്ചു.

2. ചെലവിന്റെ പത്തു ശതമാനം "സ്റ്റോഴ്സ്"നു വേണ്ടിയാണ് വിനിയോഗിച്ചുവരുന്നത്. "ഇൻവെന്ററി കൺട്രോളർ" കൂടുതൽ ശാസ്ത്രീയമായി ചെലവ് ചുരുക്കുന്നതോടൊപ്പം "ഫ്ളീറ്റ് യൂട്ടിലൈസേഷൻ" വർദ്ധിപ്പിക്കുവാൻ ആവശ്യമായ സ്പെയർ പാർട്ട്സ് എപ്പോഴും ലഭ്യമാക്കാനുള്ള സംവിധാനം നിലവിൽ വരുത്തും.

3. ബസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തു തീർക്കുവാനുള്ള നടപടികൾ എടുക്കുന്നതാണ്. ഇപ്പോഴുള്ള 4002 ബസുകളിൽ 70 ശതമാനമേ നിരത്തിലോടുന്നതായുള്ളു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇത് കുറവാണ്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുവാൻ വർക്കുഷോപ്പുകളിൽ റിപ്പയറിനുവേണ്ടി കിടക്കുന്ന ബസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യുവാൻ സത്വര നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. ഇപ്പോഴത്തെ വർദ്ധനവിലൂടെ കിട്ടുന്ന അധിക വരുമാനം ശമ്പളത്തിനും ഇന്ധനത്തിനും സ്പെയർ പാർട്സിനും വേണ്ടി വരുന്ന അധിക ചെലവിനു പോലും തികയുന്നില്ല. ആയതിനാൽ മുൻപുണ്ടായിരുന്ന നഷ്ടം അതേപടി നില നിൽക്കും. റവന്യൂ വരുമാനത്തിൽ 10 ശതമാനം (50 കോടിരൂപ) വർദ്ധനവുണ്ടാക്കി അതു നികത്താനാവും. അതിനുവേണ്ടി "ഇൻസ്പെക്ഷൻ ഇൻഡൻസിഫിക്കേഷൻ" നടത്തും.

5. നോൺ ഓപ്പറേഷണൽ റവന്യൂ വർദ്ധിപ്പിക്കുവാനും കിട്ടാക്കടം എത്രയുംവേഗം വാങ്ങാനും ഊർജ്ജിതശ്രമം നടത്തുന്നതാണ്. അതിനു പുറമേ കോർപ്പറേഷന്റെ വിവിധ സ്ഥലങ്ങളിലുള്ള വസ്തുക്കളിൽ (ബിൽഡ് ഓപ്പറേറ്റഡ് ആന്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ കമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിച്ച് ബജറ്റ് യൂട്ടിലൈസേഷൻ നടത്തി വരുമാനം വർദ്ധിപ്പിക്കും. ഈ കോംപ്ലക്സുകളിൽ യാത്രക്കാർക്കും ക്രൂവിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തും.

6. മുപ്പതിനായിരത്തോളം ജീവനക്കാർക്കുള്ള കെ. എസ്. ആർ. ടി. സി.-യിൽ (എച്ച്. ആർ. ഡി.)"എച്ച് ആർഡി"-ക്കു വേണ്ട അർഹമായ പ്രാധാന്യം നൽകി അവരുടെ ആത്മവീര്യവും കാര്യക്ഷമതയും കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കും.

7. അച്ചടക്കത്തിനും അഴിമതിരാഹിത്യത്തിനും പ്രാധാന്യം നൽകുന്നതിനോടൊപ്പം തന്നെ 2000-മാണ്ട് "ഈയർ ഓഫ് കോർട്ടസി" ആയി പ്രഖ്യാപിച്ച് യാത്രക്കാരോടുള്ള പെരുമാറ്റത്തിലും ബസിന്റെ സമയനിഷ്ഠയിലും കെ. എസ്. ആർ. ടി. സി.-യെ ഒരു മാതൃകാസ്ഥാപനമാക്കി മാറ്റും.

കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റോപ്പുകൾ

85 (1140) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ രാത്രി 10 മണിക്കുശേഷം യാത്രക്കാർ ആവശ്യപ്പെടുന്ന സ്റ്റോപ്പില്ലാത്ത പ്രധാന സ്ഥലങ്ങളിൽ നിറുത്തിക്കൊടുക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നാഷണൽ ഹൈവേകളിലേയും എം. സി. റോഡിലേയും "പ്രധാനസ്ഥലങ്ങൾ" ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) മിക്ക ജീവനക്കാരും ഈ വ്യവസ്ഥയെപ്പറ്റി അജ്ഞരാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly